**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1008** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പുറക്കാട് ഗവൺമെന്റ് എൽ.പി.എസ്. പ്രവേശനോത്സവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പുറക്കാട് ഗവൺമെന്റ് എൽ.പി.എസ്. -ലെ സ്കൂൾ മാനേജിംഗ് കമ്മിറ്റി ചെയർമാൻ പ്രവേശനോത്സവം ബഹിഷ്കരിച്ചതും പരിപാടി നടത്തരുതെന്ന് സ്കൂൾ അധികാരികളോട് നിർദ്ദേശിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തി, പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യാനെത്തിയ സ്ഥലം എം.എൽ.എ. -യെ ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ ആക്ഷേപിച്ച സംഭവം അറിവിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത വ്യക്തി ചെയർമാനായ സ്കൂൾ മാനേജിംഗ് കമ്മിറ്റിയെ പിരിച്ചുവിട്ട് പുതിയ സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** പുതിയ സമിതി രൂപീകരിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത സ്കൂളിൽ പ്രൈമറി, മിഡിൽ സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നിങ്ങനെ ഓരോ വിഭാഗങ്ങൾക്കും പ്രത്യേകം പി.ടി.എ. -യെ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

**<u>മറുപടി:</u>** പരിശോധിച്ച് നടപടി സ്വീകരിക്കും.

**(ഡി)** പ്രസ്തുത സ്കൂളിലെ പി.ടി.എ. വിഭാഗീയമായി പ്രവർത്തിക്കുന്നുവെന്ന സ്കൂൾ അധികാരികളുടെ ആക്ഷേപവും എം.എൽ.എ. -യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ബഹുനില മന്ദിരത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്ന കാര്യവും കണക്കിലെടുത്ത് പ്രസ്തുത കമ്മിറ്റിയെ പിരിച്ചുവിട്ട് പുതിയ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പരിശോധിച്ച് നടപടി സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**